06/01/22

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No.252(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.5665/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ
അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ
തീയതി: 23.12.2021

ശ്രീമതി. സുഷമ ജി.,
മുത്തിക്കാപറമ്പ്,
പുന്നപ്ര നോർത്ത്, ആലപ്പുഴ-688014 } പരാതി ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 15.03.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 04.05.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 04.05.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.11.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 13.12.2021 |
| ഹിയറിംഗ് തീയതി | 14.12.2021 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. സുഷമ ജി. കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയില്ലെന്നും ടിയാൾ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്നാണ്.

2. ഹർജിക്കാരി 15.03.2021 ന് എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i. ആലപ്പുഴ ജില്ലയിലെ ഗവ. ഹൈസ്കൂളുകളുടെ എണ്ണം എത്രയെന്നും

ii. ഗവ. ഹൈസ്കൂളിലെ എച്ച്.എസ്.എ. സോഷ്യൽ സ്റ്റഡീസ് അധ്യാപകരുടെ കേഡർ സ്ട്രങ്ത് എത്ര എന്നും

iii. ആലപ്പുഴ ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖാന്തിരം (IDT) എച്ച്.എസ്.എ (എസ്സ്.എസ്സ്) നിയമനം നേടിയവർ എത്രയെന്നും

iv. ജില്ലയിൽ പ്രമോഷൻ മുഖാന്തിരം എച്ച്.എസ്.എ (എസ്സ്.എസ്സ്) ആയവരുടെ എണ്ണം എത്രയെന്നും ജില്ലയില ബൈട്രാൻസ്ഫർ മുഖാന്തിരം എച്ച്.എസ്.എ (എസ്സ്.എസ്സ്) ആയവരുടെ എണ്ണം എത്രയെന്നും മറ്റുമായി 19 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി യാതൊരു മറുപടിയും ലഭ്യമാക്കിയതായി കാണുന്നില്ല എന്നാണ് ഹർജികക്ഷി പ്രസ്താവിച്ചത്. എന്നാൽ എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിനൊപ്പം 21.04.2021 ൽ എതിർകക്ഷി ഹർജികക്ഷിക്ക് ലഭ്യമാക്കിയ മറുപടിയുടെ പകർപ്പ് ഹാജരാക്കിയതായി കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, ഹർജിക്കാരിയുടെ 15.03.2021 ലെ വിവരാവകാശ അപേക്ഷ 19.03.2021 ൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായി എന്നും ടി കാര്യാലയത്തിൽ ലഭിക്കുന്ന വിവരാവകാശ അപേക്ഷ ആദ്യം എച്ച് 6 സെക്ഷനിലേക്ക് തപാൽ നമ്പരിട്ട് നൽകുകയും അവിടെ നിന്നും യു.ഒ. നോട്ട് മുഖേന മറുപടി നൽകേണ്ട സെക്ഷനിലേക്ക് നൽകുകയുമാണ് ചെയ്യുന്നതെന്നും അപ്രകാരം എച്ച് 6 സെക്ഷന്റെ യു.ഒ. നോട്ട് ഉൾപ്പെടെ പ്രസ്തുത വിവരാവകാശ അപേക്ഷ 29.03.2021 ൽ എ2 സെക്ഷനിൽ ലഭിച്ചുവെന്നും ടി അപേക്ഷയുടെ മറുപടി തയ്യാറാക്കി 22.04.2021 ൽ രജിസ്റ്റേർഡ് തപാൽ മുഖേന ഹർജികക്ഷിക്ക് അയച്ചിട്ടുണ്ടെന്നും അപേക്ഷയിലെ ചോദ്യങ്ങളിൽ പരാമർശിച്ചിരുന്ന പഴയ ഫയലുകൾ കണ്ടെടുക്കുന്നതിനുണ്ടായ കാലതാമസം കാരണമാണ് മറുപടി നൽകുന്നതിന് ആറു ദിവസത്തെ കാലതാമസം ഉണ്ടായതെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 15.03.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി 21.04.2021 ൽ മറുപടി ലഭ്യമാക്കിയത് എതിർകക്ഷി കമ്മീഷൻ മുമ്പാകെ 25.09.2021 ൽ സമർപ്പിച്ച റിപ്പോർട്ടിനോടൊപ്പം ഹാജരാക്കിയതായി കാണുന്നു. ടി മറുപടി അയച്ചു നൽകിയ ഡെസ്പാച്ച് രജിസ്റ്ററിന്റെ കോപ്പിയും എതിർകക്ഷി ഹാജരാക്കിയിട്ടുണ്ട്. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകുകയുണ്ടായി ഹർജികക്ഷിയുടെ അപേക്ഷയിൽ ക്രമനമ്പർ 17 ഒഴികെ ബാക്കി എല്ലാ വിവരങ്ങളും ലഭ്യമായിയെന്നാണ് ടിയാൾ മൊഴി നൽകിയത്. ഹർജികക്ഷിയുടെ അപേക്ഷയിലെ ചോദ്യങ്ങളിൽ പരാമർശിച്ചിരുന്ന പഴയ ഫയലുകൾ കണ്ടെടുക്കുന്നതിനുണ്ടായ കാലതാമസം കാരണമാണ് മറുപടി നൽകുന്നതിന് ആറു ദിവസത്തെ കാലതാമസം ഉണ്ടായതെന്ന് എതിർകക്ഷിയുടെ റിപ്പോർട്ടിൽ പരാമർശിച്ചത് അംഗീകരിക്കത്തക്കതാണ്. മറുപടി നൽകുന്നതിന് എതിർകക്ഷി മന:പൂർവ്വമായി വീഴ്ച വരുത്തിയിട്ടുള്ളതായി കമ്മീഷൻ കാണുന്നില്ല. ഹർജികക്ഷിയുടെ അപേക്ഷയിൽ ക്രമനമ്പർ 17 ൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരം എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ഹർജികക്ഷിക്ക് അയച്ചു നൽകി ടി

വിവരം കമ്മീഷനെ രേഖാമൂലം അറിയിക്കേണ്ടതാണെന്ന് ഉത്തരവായിക്കൊണ്ട് ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 23–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

RIGHT TO INFORMATION